2024
JANUARY
10
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## എസ്ബിഐ റിസർച്ചിന്റെ പുതിയ പഠന റിപ്പോർട്ട്

# വരുമാനത്തിൽ മുന്നേറ്റം

- ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നവരുടെ എണ്ണം 70 ദശ ലക്ഷത്തിൽ നിന്നു 74 ദശ ലക്ഷമായി വർദ്ധിച്ചു
- അഞ്ചു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ വരുമാനമുള്ള വ്യക്തിത നികുതിദായകർ സമർപ്പിച്ച ഐടിആറുകൾ295% വർദ്ധിച്ചു

**ന്യൂഡൽഹി:** വരുമാന അസമത്വം കുറഞ്ഞുവെന്നും, വരുമാനം വർദ്ധിച്ചതും ഇന്ത്യൻ മധ്യവർഗ്ഗത്തിന്റെ സ്ഥിതി മെച്ചപ്പെട്ടതും ഉയർന്ന വരുമാന ശ്രേണിയിലേക്കുള്ള മുന്നേറ്റത്തിന് സഹായകമായെന്ന് എസ്ബിഐ റിസർച്ചിന്റെ പുതിയ പഠന റിപ്പോർട്ട് .കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിന്റെ (സിബിഡിടി) കണക്കുകളെ ഉദ്ധരിച്ചു കൊണ്ടുള്ള റിപ്പോർട്ട് അനുസരിച്ച് ആദായ നികുതി അടിത്തറ വർഷം തോറും വിപുലപ്പെടുകയും ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നവരുടെ എണ്ണം 202122ൽ 70 ദശ ലക്ഷമായിരുന്നത് 202223 മൂല്യ നിർണ്ണയ വർഷത്തിൽ 74 ദശ ലക്ഷമായി വർദ്ധിക്കുകയും ചെയ്തുവെന്നു ചൂണ്ടിക്കാട്ടുന്നു. 202324 വർഷത്തിൽ ഡിസംബർ 31 വരെ 82 ലക്ഷം റിട്ടേണുകൾ സമർപ്പിക്കപ്പെട്ടു.അഞ്ചു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ വരുമാനമുള്ള വ്യക്തിത നികുതിദായകർ സമർപ്പിച്ച ഐടിആറുകൾ 2013-14, 2021-22 വർഷങ്ങളിൽ 295% വർദ്ധിച്ചതായി എസ്ബിഐ റിപ്പോർട്ട് നിരീക്ഷിക്കുന്നു. ഉയർന്ന വരുമാനമുള്ളവരുടെ ശ്രേണിയിലേക്ക് കൂടുതൽ ആളുകൾ എത്തുന്ന അനുകൂല പ്രവണതയാണ് ഇതു കാണിക്കുന്നത്. 10 ലക്ഷത്തിനും 25 ലക്ഷത്തിനും ഇടയിൽ വരുമാനമുള്ള ആളുകൾ സമർപ്പിച്ച ഐടിആറുകളുടെ എണ്ണവും ഇതേ കാലയളവിൽ ഏകദേശം മൂന്നു മടങ്ങ് (291%) വർദ്ധിച്ചു.വരുമാന അസമത്വത്തിന്റെ ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്ന അളവുകോലുകളിൽ ഒന്നാണ് ജിനി കോഫിഫിഷ്യന്റ്.ജിനി കോഫിഷ്യന്റ് സ്കോർ 0 -1 നും മധ്യേയാണ്, ജിനി കോഫിഷ്യന്റ് പൂജ്യം ആണെങ്കിൽ സമ്പൂർണ്ണ സമത്വവും ഒന്ന് ആണെങ്കിൽ സമ്പൂർണ്ണ അസമത്വവും സൂചിപ്പിക്കുന്നു.ഈ അളവുകോൽ അനുസരിച്ച്, 201415 ലെ അസസ്മെന്റ് വർഷത്തിൽ ജിനി കോഫിഫിഷ്യന്റ് 0.472 ൽ നിന്ന് 2022-23 ലെ 0.402 ആയി കുറഞ്ഞതായി എസ്ബിഐ റിസർച്ച് കണക്കാക്കുന്നു.അതേസമയം, 10 കോടി രൂപയിൽ കൂടുതൽ വരുമാനമുള്ള 2.5% നികുതിദായകരുടെ വിഹിതം 2013-14 ലെ 2.81 % ൽ നിന്ന് 2020-21 ൽ 2.28 % ആയി കുറഞ്ഞു. 100 കോടി രൂപയിൽ കൂടുതൽ വരുമാനമുള്ള 1% നികുതിദായകരുടെ വിഹിതം സമാനമായ കാലയളവിൽ 1.64% ൽ നിന്ന് 0.77% ആയി കുറഞ്ഞു. പിരമിഡിന്റെ അടിത്തട്ടിലെ വലിയ മുന്നേറ്റമാണ് വരുമാന അസമത്വത്തിന്റെ ഇടിവിനു കാരണം. സാമ്പത്തിക വർഷം 14 ലെ ഏറ്റവും കുറഞ്ഞ വരുമാനത്തിൽ ഉൾപ്പെട്ട വ്യക്തിഗത ഐടിആർ ഫയൽ ചെയ്യുന്നവരിൽ 36.3 ശതമാനം പേർ ഏറ്റവും കുറഞ്ഞ വരുമാന പരിധി വിട്ട് മുകളിലേക്ക് മാറിയതിന്റെ ഫലമായി 21.1 ശതമാനം അധിക വരുമാനം അത്തരം വ്യക്തികൾക്ക് സാമ്പത്തിക വർഷം 14 സാമ്പത്തിക വർഷം 21 കാലയളവിൽ ലഭിച്ചുവെന്നും റിപ്പോർട്ട് പറയുന്നു.

# ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് 23ന്

**തിരുവനന്തപുരം:** കേരളത്തിന്റെ പുതിയ കായികനയവും കായിക സമ്പദ്ഘടനാ വികസന പ്രക്രിയയും നാടിന് മുന്നിൽ അവതരിപ്പിക്കാനുള്ള ഇന്റർനാഷണൽ സ്പോർട്സ് സമിറ്റ് കേരള 2024 (ഐ.എസ്.എസ്.കെ2024) ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്പോർട്സ് ഹബ്ബിൽ നടക്കും. സ്പോർട്സ് സമ്മിറ്റിന്റെ ഉദ്ഘാടനം 23ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. നാല് ദിവസങ്ങളിലായി നടക്കുന്ന സമ്മിറ്റിൽ 20 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുമെന്നും കായിക മന്ത്രി വി. അബ്ദുറഹിമാൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.ഇൻറർനാഷണൽ സ്പോർട്സ് സമ്മിറ്റിനോടനുബന്ധിച്ചുള്ള മുന്നൊരുക്ക പരിപാടികൾക്ക് 12ന് കാസർഗോഡ് തുടക്കമാകും. കാസർഗോഡുനിന്നും 12ന് ആരംഭിക്കുന്ന റോഡ്ഷോ 23ന് തിരുവനന്തപുരത്ത് എത്തിച്ചേരും. ടൂർ ഡി കേരള എന്ന സൈക്ലത്തോൺ, മെഗാ വാക്കത്തോൺ (കെവാക്), കേരളത്തിന്റെ മറഞ്ഞു പൊയ്ത്തുടങ്ങിയ കായിക രൂപങ്ങളുടെ ഉണർത്തു പാട്ടായി ഒരു ഹൈബ്രിഡ് ക്യാമ്പയിൻ എന്നിവയും നടക്കും. കായിക നയം, കായിക സമ്പദ്ഘടനാ വികസനം, നവ കായിക കേരള സൃഷ്ടി എന്നിവയാണ് സമ്മിറ്റിലെ വിഷയങ്ങൾ.13 വിഷയങ്ങളിലായി 105 ദേശീയ, അന്തർദേശീയ വിദഗ്ധർ കോൺഫറൻസുകളിൽ പങ്കെടുക്കും. സ്പോർട്സ് ഇക്കോണമി, സ്പോർട്സ് ഇൻഡസ്ട്രി, വെൽനെസ്, ലീഗുകളും വലിയ ചാമ്പ്യൻഷിപ്പുകളും, ഗ്രാസ്റൂട്ട്സ് ഡെവലപ്മെന്റ്, അക്കാദമികളും ഹൈ പെർഫോർമൻസ് സെന്ററുകളും, ഇ സ്പോർട്സ്, സ്പോർട്സ് സയൻസ്, ടെക്നോളജി ആൻഡ് എൻജിനീയറിങ്, തദ്ദേശീയ കായിക രൂപങ്ങൾ തുടങ്ങി 13 വിഷയങ്ങളിൽ കോൺഫറൻസുകൾ നടക്കും.105 ദേശീയ അന്തർദേശീയ വിദഗ്ധർ കോൺഫറൻസുകളിൽ പങ്കെടുക്കുമെന്നും മന്ത്രി അറിയിച്ചു.റിസർച്ച് പേപ്പർ അവതരണം, സ്റ്റാർട്ടപ്പ് പിച്ച്, ഇൻവെസ്റ്റർ കോൺക്ലേവ്, എക്സിബിഷൻ, ബയർ സെല്ലർ മീറ്റ്, ഇ സ്പോർട്സ് ഷോക്കേസ്, സ്പോർട്സ് കമ്മ്യൂണിറ്റി നെറ്റ് വർക്കിങ്, കായികം മുഖ്യ പ്രമേയമായ ചലച്ചിത്രങ്ങളുടെ പ്രദർശനം, ഹെൽത്തി ഫുഡ് ഫെസ്റ്റിവൽ, മോട്ടോർ ഷോ തുടങ്ങിയവയും സമ്മിറ്റിനോടനുബന്ധിച്ച് സംഘടിപ്പിക്കും.1000 ൽ അധികം പദ്ധതി നിർദേശങ്ങൾ സമ്മിറ്റിൽ അവതരിപ്പിക്കും. കേരളത്തിന്റെ കായിക മേഖലയിൽ നിക്ഷേപം, പങ്കാളിത്തം, സഹകരണം, പിന്തുണ എന്നിവയ്ക്ക് താല്പര്യമുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പങ്കെടുക്കാം. പദ്ധതികൾ, നിക്ഷേപങ്ങൾ, പങ്കാളിത്ത ഓഫറുകൾ എന്നിവയുമായി അവർക്ക് മുന്നോട്ടു വരാമെന്നും മന്ത്രി കൂട്ടിച്ചേർത്തു.



## ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് യോഗം: 22 അപേക്ഷകർക്ക് പെർമിറ്റ് അനുവദിച്ചു



**കൊച്ചി:** ജില്ലയിലെ വ്യവസായിക സംരംഭങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി നടന്ന ഏകജാലക ക്ലിയറൻസ് ബോർഡിൽ 22 അപേക്ഷകർക്ക് പെർമിറ്റ് അനുവദിച്ചു നൽകി. ഏകജാലക ക്ലിയറൻസ് ബോർഡിനും, ജില്ലാ വ്യവസായ വികസന സമിതിക്കും മുൻപാകെ ലഭിച്ച 35 അപേക്ഷകളാണ് യോഗത്തിൽ പരിഗണിച്ചത്.വിവിധ കാരണങ്ങളാൽ സംസ്ഥാനതല കമ്മിറ്റിയിലേക്ക് ഒരു അപേക്ഷയും, അടുത്ത കമ്മിറ്റിയിലേക്ക് 12 അപേക്ഷകളും ശുപാർശ ചെയ്തു. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് മുൻപായി ലഭിക്കുന്ന ബിൽഡിംഗ് പെർമിറ്റ് അനുവദിക്കൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി, ലൈസൻസ് അനുവദിക്കൽ, വിവിധ വകുപ്പുകളുടെ അനുമതി തുടങ്ങിയ അപേക്ഷകളാണ് ബോർഡ് പരിഗണിച്ചത്. ലഭിച്ച പരാതികൾ ചർച്ച ചെയ്തതിനുശേഷമാണ് പരിഹാരം നിർദ്ദേശിച്ചത്.കളക്ടറേറ്റ് സ്പാർക്ക് ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് അധ്യക്ഷത വഹിച്ചു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ. നജീബ്, മാനേജർ ആർ. സംഗീത, കെ.എസ്. എസ്.ഐ.എ (കേരള സ്റ്റേറ്റ് മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ) പ്രതിനിധി എം.എ അലി, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, സംരംഭകർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## തീയതി ദീർഘിപ്പിച്ചു

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ അക്യുപ്രഷർ ആന്റ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു. സർട്ടിഫിക്കറ്റ് കോഴ്സിന് ആറു മാസമാണ് കാലാവധി. 18 വയസിനു മേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. ശനി/ഞായർ/പൊതു അവധി ദിവസങ്ങളിലാകും കോാക്ട് ക്ലാസ്സുകൾ സംഘടിപ്പിക്കുക. തിയറിക്കും പ്രാക്ടിക്കലിനും തുല്യ പ്രാധാന്യം നൽകിയാണ് കോഴ്സ് നടത്തുന്നത്. https://apps.rccc.in/register ലിങ്കിലൂടെ ആപ്ലിക്കേഷ9 ഓൺലൈനായി സമർപ്പിക്കാൻ കഴിയും. വിശദവിവരങ്ങൾ ०००.ൃ രരര.ശി വെബ് സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേ അവസാന തീയതി 2024 ജനുവരി 31. ചേരാനാഗ്രഹിക്കുന്നവർ ആനന്ദം യോഗ ആന്റ് മെഡിറ്റേഷൻ സെന്റർ, എറണാകുളം. 9446605436, 9496745465, സ്റ്റഡി സെന്ററുമായി ബന്ധപ്പെടുക.

## ഉപഭോക്തൃ ഏകദിന ശിൽപശാല

**കൊച്ചി:** ദേശീയ ഉപഭോക്തൃ ദിനാചരണത്തിന്റെ ഭാഗമായി കലാലയ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ഉപഭോക്തൃ ഏകദിന ശില്പശാല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ ഉദ്ഘാടനം ചെയ്യും. തേവര സേക്രഡ് ഹാർട്ട് കോളേജ് ഓഡിറ്റോറിയത്തിൽ വ്യാഴാഴ്ച്ച(ജനുവരി 11) രാവിലെ 9.30ന് നടക്കുന്ന ഉദ്ഘാടനത്തിൽ ടി.ജെ.വിനോദ് എംഎൽഎ അധ്യക്ഷത വഹിക്കും. എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി.ബി. ബിനു മുഖ്യ പ്രഭാഷണം നടത്തും. സംസ്ഥാന ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃ കാര്യവകുപ്പും തേവര കോളേജിന്റെ കൊമേഴ്സ് ഡിപ്പാർട്ട്മെന്റും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്. ശിൽപശാലയിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ബി.ഐ.എ.എസ് കേരള ലക്ഷദ്വീപ് ജോയിന്റ് ഡയറക്ടർ സന്ദീപ് എസ് കുമാർ , സംസ്ഥാന ഉപഭോക്തൃ സംരക്ഷണ കൗൺസിൽ അംഗം അഡ്വക്കേറ്റ് ജെ സൂര്യ, അഡ്വ.കെ.എസ്.ഹരിഹരൻ, പ്രൊഫ:ജെയിംസ് വി. ജോർജ് എന്നിവർ സംസാരിക്കും.. ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ അംഗങ്ങളായ വൈക്കം രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ, സംസ്ഥാന ഉപഭോക്ത സംരക്ഷണം കൗൺസിൽ അംഗം അനിതാ സുനിൽകുമാർ, എസ്.എച്ച്. കോളേജ് പ്രിൻസിപ്പൽ ഫാ.ഡോ. ജോസ് ജോൺ, ജില്ലാ സപ്ലൈ ഓഫീസർ ടി.സഹീർ, താലൂക്ക് സപ്ലൈ ഓഫീസർ ടി.ശോഭ എന്നിവരും പങ്കെടുക്കും.

# അറബിക്കടലിന്റെ മനോഹാരിത ആസ്വദിപ്പിക്കാൻ വീണ്ടും നെഫർറ്റിറ്റി

- കപ്പലിന്റെ ആദ്യ ട്രിപ്പ് ജനുവരി 13 മുതൽ കൊച്ചിയിൽ നിന്നും ആരംഭിക്കും
- ഒരു മാസത്തെ ട്രിപ്പുകൾ ഇപ്പോൾ മുൻകൂർ ബുക്കിംഗ് ചെയ്യാം



**കൊച്ചി:** ഒരിടവേളയ്ക്ക് ശേഷം അറബിക്കടലിന്റെ വശ്യമനോഹാരിത സഞ്ചാരികളിലേക്ക് എത്തിക്കാൻ നെഫരർറ്റിറ്റി ക്രൂസ് ഷിപ്പ് വീണ്ടും സർവീസ് ആരംഭിക്കുന്നു. ഡ്രൈ ഡോക്ക് റിപ്പയർ വർക്കുകൾക്കായി ഗോവയിൽ ആയിരുന്ന കപ്പലിന്റെ ആദ്യ ട്രിപ്പ് ജനുവരി 13 മുതൽ കൊച്ചിയിൽ നിന്നും ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുകയാണ്. കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് കോർപ്പറേഷന്റെ ഉടമസ്ഥതയിയിലുള്ള കപ്പൽ രാവിലെയും വൈകിട്ടുമായി നാലും അഞ്ചും മണിക്കൂർ ദൈർഘ്യത്തിൽ ആഹാരവും വിനോദവും ഉൾപ്പെടെ മനോഹരമായ യാത്രയാണ് സഞ്ചാരികൾക്ക് ഒരുക്കുന്നത് . ഒരു മാസത്തെ ട്രിപ്പുകൾ ഇപ്പോൾ മുൻകൂർ ബുക്കിംഗ് ചെയ്യാവുന്നതാണ്.ചുരുങ്ങിയ ചിലവിൽ സുരക്ഷിതമായി അറബിക്കടലിന്റെ വശ്യമനോഹാരിത ആസ്വദിക്കാനുള്ള സുവർണ്ണ അവസരമാണ് കെ.എസ്.ഐ.എൻസി ഉറപ്പു നൽകുന്നത്.48 മീറ്റർ നീളവും 15 മീറ്റർ വീതിയുമുള്ള ശീതീകരിച്ച കപ്പലാണ് നെഫർറ്റിറ്റി. 200 പേർക്ക് ഇരിക്കാവുന്ന ബാങ്കറ്റ് ഹാൾ, റസ്റ്റോറന്റ്, ലോഞ്ച് ബാർ, 3 ഡി തീയറ്റർ, കുട്ടികൾക്കുള്ള കളിസ്ഥലം, സൺഡക്ക് തുടങ്ങിയ ആകർഷകമായ സൗകര്യങ്ങൾ ഷിപ്പിലുണ്ട്. ബിസിനസ് മീറ്റിംഗ്, ബർത്ത് ഡേ ഫംഗ്ഷൻ, എൻഗേജ്മെന്റ് പോലുള്ള മറ്റ് ആഘോഷങ്ങൾക്കും അനുയോജ്യമായ ഈ കപ്പൽ സ്വപ്നതുല്യമായ അനുഭവമാണ് സഞ്ചാരികൾക്ക് നൽകുന്നത്. വ്യക്തിഗത ടിക്കറ്റ് യാത്രകളും നെഫർറ്റിറ്റിയിൽ ലഭ്യമാണ്.ടിക്കറ്റുകൾ ഓൺലൈനായി https://www.nefertiti-cruise.com/എന്ന വെബ്സൈറ്റിൽ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. ബുക്കിംഗിനും കൂടുതൽ വിവരങ്ങൾക്കും ഫോൺ : 9744601234/9846211144

# കാഞ്ഞൂർ പള്ളി തിരുനാൾ: ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ

**കൊച്ചി:** കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോന പള്ളി തിരുന്നാൾ ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. എല്ലാവിധ സുരക്ഷാ സംവിധാനങ്ങളും ഉറപ്പ് വരുത്തികൊണ്ടാണ് ആഘോഷ പരിപാടികൾ സംഘടിപ്പിക്കുക. അവസാനഘട്ട ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി അൻവർ സാദത്ത് എം.എൽ.എയുടെയും ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷിന്റെയും നേതൃത്വത്തിൽ യോഗം ചേർന്നു.തിരുനാൾ സുഗമമായി നടപ്പിലാക്കാൻ സമയബന്ധിതമായും സംയുക്തമായും പ്രവർത്തികൾ പൂർത്തീകരിക്കാൻ വിവിധ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ജനുവരി 19, 20, 26,27 തീയതികളിലാണ് കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ തിരുനാൾ നടക്കുന്നത്. യോഗത്തിൽ വിവിധ വകുപ്പുകൾ തങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന സജ്ജീകരണങ്ങൾ വ്യക്തമാക്കി.തിരുനാൾ ദിവസങ്ങളിൽ ക്രമസമാധാനച്ചുമതലക്കായി കൂടുതൽ പോലീസുകാരെ വിന്യസിക്കും. മോഷണം, പോക്കറ്റടി എന്നിവ തടയുന്നതിന് പ്രാധാന്യം നൽകും. പള്ളിയുടെ സമീപ പ്രദേശങ്ങളിൽ പാർക്കിങ്ങ് നിരോധിക്കുകയും കൂടുതൽ പാർക്കിങ്ങ് ഗ്രൗണ്ടുകൾ സജ്ജമാക്കുകയും ചെയ്യും. വൈദ്യുതി ബന്ധം വിച്ഛേദിക്കാതിരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിയതായി കെ.എസ്.ഇബി അറിയിച്ചു. സുരക്ഷ ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ്, ലീഗൽ മെട്രോളജി, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ സംയുക്തമായി സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തും. ഭക്ഷണത്തിന്റെ ഗുണനിലവാരം, വില തുടങ്ങിയവ കൃത്യമായി പരിശോധിക്കും.റോഡിന്റെ അറ്റകുറ്റ പണികൾ പൂർത്തിയായി ഗതാഗതം സുഗമമാക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകി. ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പൊളിച്ചിട്ടിരിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.തിരുനാൾ ദിവസങ്ങളിൽ അഗ്നി രക്ഷാ സേനാ ഉദ്യോഗസ്ഥരുടെ സേവനവും ഉറപ്പാക്കും. പൂർണമായും ഹരിത പ്രോട്ടോക്കോൾ പാലിച്ചു കൊണ്ടായിരിക്കും തിരുനാൾ നടത്തുന്നത്. മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കും. ഇതിനായി ഹരിത കേരള മിഷനും ശുചിത്വ മിഷനും സംയുക്തമായി പ്രവർത്തനങ്ങൾ നടപ്പിലാക്കും. സമീപത്തെ കടകളിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധന നടത്തും. അജൈവ ജൈവ മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുന്നതിന് സജ്ജീകരണങ്ങൾ ഏർപ്പെടുത്തും. റോഡുകളിൽ ദിശ ബോർഡുകൾ സ്ഥാപിക്കാനും നിർദ്ദേശം നൽകി.കാഞ്ഞൂർ ഫൊറോന പള്ളിയിൽ നടന്ന യോഗത്തിൽ പെരുമ്പാവൂർ എ.എസ്.പി മോഹിത് റാവത്ത്, പള്ളി വികാരി ഫാ. ജോസഫ് കണിയാംപറമ്പിൽ, ജില്ലാ പഞ്ചായത്ത് അംഗം ശാരദ മോഹൻ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗ്രേസി ദയാനന്ദൻ, കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈജൻ തോട്ടപ്പള്ളി, തിരുനാൾ കമ്മിറ്റി ജനറൽ കൺവീനർ ജോയി ഇടശ്ശേരി, മറ്റു ഭാരവാഹികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ് ഒന്നാം സീസൺ മെഗാ റൈഡർ ലേലം സമാപിച്ചു




**കൊച്ചി:** ഫ്രാഞ്ചൈസി അധിഷ്ഠിത സൂപ്പർക്രോസ് ലീഗായ സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ് ഒന്നാം സീസണിനായുള്ള മെഗാ റൈഡർ ലേലത്തിന് വിജയകമായ സമാപനം. പൂനെയിലെ ജെഡബ്ല്യു മാരിയറ്റിൽ നടന്ന ലേലത്തിൽ 73 അന്താരാഷ്ട്ര റേസർമാരും, 31 ഇന്ത്യൻ റൈഡർമാരും ഉൾപ്പെടെ 104 റൈഡർമാർ പങ്കെടുത്തു. ആറ് ടീമിനും ഓരോ വിഭാഗത്തിലും 2 റൈഡർമാരെ വരെയാണ് അനുവദിച്ചത്. പരമാവധി 48 സ്ലോട്ടുകൾ ലഭ്യമായിരുന്നു. 250 സിസി ഇന്ത്യ-ഏഷ്യ മിക്സ് കാറ്റഗറിയിൽ ഉൾപ്പെട്ട ശ്രീലങ്കയുടെ ജാകവസ് ഗുണവർധനയാണ് ലേലത്തിലെ ഏറ്റവും ഉയർന്ന ലേലം നേടിയത്. ഇക്ഷൻ ഷാൻഭാഗ്, ശ്ലോക് ഘോർപഡെ, റഗ്വേദ് ബർഗുജെ എന്നിവർ ലേലത്തിൽ ഏറ്റവുമധികം തുക നേടുന്ന ഇന്ത്യൻ റൈഡർമാരായി. പവർപാക്ക്ഡ് 450 സിസി ഇന്റർനാഷണൽ വിഭാഗത്തിൽ തോമസ് റാമറ്റ് ഏറ്റവും ഉയർന്ന ലേലത്തുക നേടി. 85 സിസി ജൂനിയർ ക്ലാസിലെ ഏറ്റവും ഉയർന്ന ലേലത്തുക നേടി യുവ പ്രതിഭ ഭൈരവ് സി ഗൗഡ ശ്രദ്ധ പിടിച്ചുപറ്റി. ഐഎസ്ആർഎൽ വനിതാ റൈഡർമാരായ അലീന മൻസൂർ ഷെയ്ഖ്, നിഥില ദാസ് എന്നിവരെയും ടീമുകൾ ലേലത്തിൽ വിളിച്ചു.9 തവണ ഓസ്ട്രേലിയൻ എംഎക്സ്, എസ്എക്സ് ചാമ്പ്യനായ മാറ്റ് മോസ്, 4 തവണ ഇറ്റാലിയൻ സൂപ്പർക്രോസ് ചാമ്പ്യൻ ലോറെൻസോ കാംപോറെസ്, 4 തവണ ദക്ഷിണാഫ്രിക്ക ചാമ്പ്യൻ ആന്റണി റെയ്നാർഡ്, നാലുതവണ ദക്ഷിണാഫ്രിക്കൻ ചാമ്പ്യനായ ആന്റണി റെയ്നാർഡ്, രണ്ടു തവണ യൂറോപ്യൻ/ഫ്രഞ്ച് വൈസ് ചാമ്പ്യൻ തോമസ് റാമറ്റ്, ജർമനിയുടെ എംഎക്സ്ജിപി റേസർ നിക്കോ കോച്ച്, മൂന്ന് തവണ ഇന്ത്യൻ നാഷണൽ ചാമ്പ്യനായ റഗ്വേദ് ബർഗുജെ, രണ്ട് തവണ ഇന്തോനേഷ്യ ചാമ്പ്യനായ ആനന്ദ റിഗി ആദിത്യ തുടങ്ങിയ പ്രമുഖ റൈഡർമാർ ഉദ്ഘാടന സീസണിൽ വിവിധ ടീമുകൾക്കായി മത്സരിക്കുന്നുണ്ട്. 450സിസി ഇന്റർനാഷണൽ, 250സിസി ഇന്റർനാഷണൽ, 250സിസി ഇന്ത്യഏഷ്യ മിക്സ്, 85സിസി ജൂനിയർ ക്ലാസ് എന്നിങ്ങനെ നാല് റേസിങ് വിഭാഗങ്ങളിലായാണ് ഉദ്ഘാടന സീസൺ അരങ്ങേറുക.

മോട്ടോർസ്പോർട്ടിന്റെ പരിണാമത്തിലെ ഒരു ഉജ്ജ്വല നിമിഷമാണിതെന്ന് മെഗാ ലേലത്തെ കുറിച്ച് സംസാരിച്ച സിയറ്റ് ഐഎസ്ആർഎലിന്റെ ഡയറക്ടറും സഹസ്ഥാപകനുമായ വീർ പട്ടേൽ പറഞ്ഞു. ഈ മികച്ച തുടക്കം, സൂപ്പർക്രോസിനെ പുനർനിർവചിക്കുക മാത്രമല്ല ആഗോള മോട്ടോർസ്പോർട്ട് രംഗത്ത് മായാത്ത മുദ്ര പതിപ്പിക്കുന്ന ഒരു ഉദ്ഘാടന സീസണിന് കളമൊരുക്കുകയും ചെയ്യുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# ആറ് മാസം പ്രായമുള്ള കുഞ്ഞിന്റെ കരൾ മാറ്റിവെച്ച് കിംസ് ഹെൽത്ത്

**തിരുവനന്തപുരം:** ആറ് മാസം മാത്രം പ്രായമുള്ള കുഞ്ഞിൽ കരൾമാറ്റ ശസ്ത്രക്രിയ വിജയകരമാക്കി തിരുവനന്തപുരം കിംസ്ഹെൽത്തിലെ മെഡിക്കൽ സംഘം. കേരളത്തിൽ നടന്നിട്ടുള്ള ഏറ്റവും പ്രായം കുറഞ്ഞ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളിലൊന്നാണിതെന്ന് മെഡിക്കൽ സംഘം വ്യക്തമാക്കി. ജനിച്ച് പതിനഞ്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ കുഞ്ഞിന് മഞ്ഞപ്പിത്തം ബാധിക്കുകയും ക്രമേണ രോഗം മൂർച്ഛിക്കുകയും ചെയ്തു. മൂന്ന് മാസം പ്രായമായപ്പോഴേക്കും ആരോഗ്യാവസ്ഥ കൂടുതൽ വഷളാകുകയും ആശുപത്രിയിൽ വിദഗ്ദ്ധ ചികിത്സ തേടുകയുമായിരുന്നു. വിശദ പരിശോധനയിൽ കരളിൽനിന്ന് പിത്താശയത്തിലേക്ക് പിത്തരസമെത്തിക്കുന്ന നാളികളിൽ തടസം സൃഷ്ടിക്കുന്ന ബൈലിയറി അട്രീസിയ (യശഹശമ്യൃ മ്യേലശമ) ബാധിച്ചതായി കണ്ടെത്തി. കരളിനകത്തോ പുറത്തോ ഉള്ള പിത്തനാളികളുടെ സാധാരണഗതിയിലുള്ള വികാസം സംഭവിക്കാതിരിക്കുമ്പോഴാണ് ഈ രോഗാവസ്ഥ ഉണ്ടാവുന്നത്. ലോകത്തെ ഏകദേശം 70,000 നവജാത ശിശുക്കളിൽ ഒരാൾക്ക് മാത്രമുണ്ടാകുന്ന അപൂർവ രോഗാവസ്ഥയാണിത്.ചികിത്സയുടെ ആദ്യപടിയായി കുഞ്ഞിന് കസായി പ്രൊസീജിയർ നടത്തി. ഇതിലൂടെ രോഗം ബാധിച്ച പിത്തനാളിയും പിത്തസഞ്ചിയും നീക്കം ചെയ്യുകയും കുഞ്ഞിന്റെ കുടലിന്റെ ഒരുഭാഗം കരളിലേക്ക് നേരിട്ട് തുന്നിച്ചേർക്കുകയും ചെയ്തു. കരളിൽ നിന്ന് പിത്തരസം ഒഴുകുന്നത് മെച്ചപ്പെടുത്താൻ ഇത് സഹായിച്ചു. പീഡിയാട്രിക് സർജറി വിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. അശോക് കുമാർ ജി.എമ്മാണ് പ്രൊസീജിയറിന് നേതൃത്വം നൽകിയത്. തുടർന്ന് കുഞ്ഞിന്റെ നില മെച്ചപ്പെട്ടെങ്കിലും ഒരുമാസത്തിന് ശേഷം കരളിൽ അണുബാധ രൂപപ്പെട്ടതിനെത്തുടർന്ന് അവയവമാറ്റ ശസ്ത്രക്രിയ അനിവാര്യമായി. കരൾ ദാനം ചെയ്തത് കുഞ്ഞിന്റെ അമ്മയാണ്. ഈ പ്രായത്തിലുള്ള കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ അത്യധികം അപകടകരവും അപൂർവ്വവും സങ്കീർണ്ണവുമാണെന്ന് ഹെപറ്റോബൈലറി, പാൻക്രിയാറ്റിക് ആൻഡ് ലിവർ ട്രാൻസ്പ്ലാന്റ് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ. ഷബീറലി ടി.യുവും ഡോ. ഷിറാസ് അഹമ്മദ് റാത്തറും അഭിപ്രായപ്പെട്ടു. ചെറിയ പ്രായത്തിലുള്ള കുഞ്ഞുങ്ങളുടെ രക്തക്കുഴലുകളുടെ വലിപ്പക്കുറവ് കാരണം രക്തപ്രവാഹം കുറയാനും സങ്കീർണ്ണതകളുണ്ടാകാനും സാധ്യതയുണ്ട്. എന്നാൽ കുഞ്ഞ് സുഖം പ്രാപിക്കുകയും ഒരു മാസത്തിന് ശേഷം ആശുപത്രി വിടുകയും ചെയ്തു. 12 മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയയിൽ വയറിൽ മുറിവുണ്ടാക്കി കരൾ മാറ്റിവെച്ച്, രക്തക്കുഴലുകളും പിത്തരസനാളങ്ങളും കരളുമായി തുന്നിച്ചേർക്കുകയായിരുന്നു.ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം സീനിയർ കൺസൽട്ടൻറ് ഡോ. മധു ശശിധരൻ, ഇമേജിങ് ആൻഡ് ഇന്റെർവെൻഷണൽ റേഡിയോളജി വിഭാഗം സീനിയർ കൺസൽട്ടൻറ് ഡോ. മനോജ് കെ.എസ്, ഹെപറ്റോബൈലറി, പാൻക്രിയാറ്റിക് ആൻഡ് ലിവർ ട്രാൻസ്പ്ലാന്റ് സർജറി വിഭാഗം കൺസൾട്ടന്റുമാരായ ഡോ. ശ്രീജിത്ത് .എസ്, ഡോ. വർഗീസ് എൽദോ, അനസ്തേഷ്യ വിഭാഗം കൺസൾട്ടന്റുമാരായ ഡോ. ഹാഷിർ .എ, ഡോ. ഹരികുമാർ ജി, നിയോനറ്റോളജി വിഭാഗം സീനിയർ കൺസൽട്ടൻറ് ഡോ. നവീൻ ജെയിൻ, പീഡിയാട്രിക്സ് വിഭാഗം ഡോ. ഷിജുകുമാർ എന്നിവരും ചികിത്സയുടെ ഭാഗമായി.

KIMSHEALTH

# പട്ടയ വിതരണം: സർവ്വേ നടപടികൾക്ക് തുടക്കമായി



**കോതമംഗലം:** കോതമംഗലം താലൂക്കിലെ പട്ടയ വിതരണത്തിനു മുന്നോടിയായി ഡിജിറ്റൽ സർവ്വേ (ടോട്ടൽ സ്റ്റേഷൻ സർവ്വേ) നടപടികൾക്ക് തുടക്കമായി. സർവ്വേ നടപടികളുടെ താലൂക്ക് തല ഉദ്ഘാടനം വടാട്ടുപാറയിൽ ആന്റണി ജോൺ എം.എൽ.എ നിർവഹിച്ചു. കഴിഞ്ഞ വർഷം നവംബർ 4 ലെ സർക്കാർ ഉത്തരവ് പ്രകാരം ജയ്ക്ക് വെളിയിലെ കൈവശഭൂമിയ്ക്ക് പട്ടയം നൽകുന്നതിനുള്ള സർവ്വേ നടപടികൾക്കാണ് താലൂക്കിൽ തുടക്കമായത്.പതിറ്റാുകളായി പട്ടയത്തിന് കാത്തിരിക്കുന്ന 6 വില്ലേജുകളിലെ 5000 ത്തിന് മുകളിൽ ആളുകൾക്ക് പുതിയ ഉത്തരവ് പ്രകാരം പട്ടയം കൊടുക്കാൻ കഴിയും. ഇതിന് മുന്നോടിയായുള്ള നടപടികളുടെ ഭാഗമായിട്ടാണ് സർവ്വേ നടപടികൾ. ചടങ്ങിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കാന്തി വെള്ളക്കയ്യൻ അധ്യക്ഷത വഹിച്ചു. താലൂക്ക് തഹസിൽദാർ റെയ്ച്ചൽ കെ.വർഗീസ്, പഞ്ചായത്ത് അംഗം ബിൻസി മോഹനൻ, ഡെപ്യൂട്ടി തഹസിൽദാർ ജെയ്സൺ മാത്യു, ബ്ലോക്ക് പഞ്ചായത്ത് അംഗം ജെയിംസ് കോറമ്പേൽ, എം.കെ രാമചന്ദ്രൻ , പി.കെ പൗലോസ്, കെ.എം വിനോദ്, പി.എ അനസ്, എ.ബി ശിവൻ, സന്ധ്യ ലാലു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം പി.എം. ജി.എസ്. വൈ. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഓവർസീയർ ഒഴിവുകളിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രതിമാസ ഓണറേറിയം 20065 രൂപ. സിവിൽ ഡിപ്ലോമ, ആട്ടോകാഡ് യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. പ്രവൃത്തി പരിചയം അഭികാമ്യം. അപേക്ഷകൾ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം പത്ത് ദിവസത്തിനകം തപാൽ മുഖേന ലഭ്യമാകണം. വിലാസം: എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി..ഐ.യു. ( പി. എം.ജി.എസ്.വൈ), മൂന്നാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട് , 682030.

## വർണപ്പകിട്ട് 2024: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ട്രാൻസ് ജെന്റർ വ്യക്തികളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന വർണപ്പകിട്ട് 2024 ട്രാൻസ് ജെന്റർ ഫെസ്റ്റിൽ പങ്കെടുക്കുന്നതിന് ജില്ലാതലത്തിൽ ട്രാൻസ് ജെന്റർ വ്യക്തികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. ഫെബ്രുവരി 10, 11 തീയതികളിൽ തൃശ്ശൂർ ജില്ലയിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കലോത്സവ മത്സരങ്ങൾ ഒഴിവാക്കിക്കൊ് കലാപ്രകടനങ്ങളുടെ ഒരു പ്രദർശന വേദി എന്ന നിലയിലാണ് ഫെസ്റ്റ് നടത്തുന്നത്.ട്രാൻസ് ജെന്റർ തിരിച്ചറിയൽ കാർഡ് ഉള്ളവർ ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നേരിട്ടോ തപാൽ അല്ലെങ്കിൽ ഇമെയിൽ മുഖേനയോ അപേക്ഷ ജനുവരി 12ന് മുൻപായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ കൂടുതൽ ഉള്ള പക്ഷം ജില്ലാതലത്തിൽസ്ക്രീനിംഗ് നടത്തി തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.ഭരതനാട്യം, മോഹിനിയാട്ടം, നാടോടിനൃത്തം, കുച്ചിപ്പുടി,സെമി ക്ലാസിക്കൽ ഡാൻസ്, ലളിതഗാനം, മിമിക്രി. കവിതാപാരായണം, മോണോ ആക്റ്റ്, പ്രച്ഛന്ന വേഷം, നാടൻപാട്ട് തുടങ്ങിയ വ്യക്തിഗത ഇനങ്ങളിലും, ഒപ്പന,തിരുവാതിര, സംഘനൃത്തം തുടങ്ങിയ ഗ്രൂപ്പിനങ്ങളിലും പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ ഷെറ.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി

**കൊച്ചി:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ക്ഷേമനിധി വിഹിതം കുടിശ്ശിക വരുത്തിയ തൊഴിലാളികൾക്ക് പലിശ സഹിതം കുടിശ്ശിക ഒടുക്കുന്നതിന് 2024 മാർച്ച് 31 വരെ സമയം ദീർഘിപ്പിച്ചതായി ചീഫ് എക്സിക്യൂട്ടിവ് ആഫീസർ അറിയിച്ചു. വിശദവിവരങ്ങൾക്കായി എറണാകുളം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 04842401632.

# ഫുഡ്ടെക് പ്രദർശനത്തിന് ഇന്ന് തുടക്കം

15th Edition FoodTech KERALA
Kerala's Premier Exhibition for Food, Processing & Packaging Sector

**കൊച്ചി:** സംസ്ഥാനത്തെ പ്രമുഖ ഭക്ഷ്യസംസ്കരണ, പാക്കേജിംഗ് പ്രദർശനമായ ഫുഡ്ടെക് കേരളയുടെ പതിനഞ്ചാമത് പതിപ്പിന് കൊച്ചി കടവന്ത്രയിലെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ന് തുടക്കമാകും. രാവിലെ 10:30ന് നടക്കുന്ന ചടങ്ങിൽ എൻഎസ്ഐസി സംസ്ഥാന തലവൻ പോൾ ബ്രൈറ്റ് സിംഗ്, നബാർഡ് ഡിജിഎം ലാലു പി എൻ കുട്ടി, എച്ച്എസിസിപി കൺസൾട്ടന്റ് ഡോ ആനന്ദവല്ലി, നികാസു ഫുഡ്സ് സിഎംഡി കെ കെ പിള്ള, കേരള കാർഷിക സർവകലാശാല പ്രൊഫ. രാജേഷ് നായർ, ബ്രാൻഡിംഗ് ബിഗ് എംഡി മുകേഷ് നായർ, സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യും. തുടർന്ന് രാവിലെ 1130ന് അഗ്രോഫുഡ് ബിസിനസ് രംഗത്തെ പുതിയ സംരംഭങ്ങൾക്കുള്ള നബാർഡ് നനസഹായങ്ങൾ, നിക്ഷേപങ്ങൾ, സാങ്കേതികപിന്തുണ എന്നിവ വിശദീകരിക്കുന്ന സെമിനാർ നടക്കും. സംരംഭകർക്കും പൊതുജനങ്ങൾക്കും പ്രവേശനം സൗജന്യമായിരിക്കും.സംസ്ഥാനത്തെ ചെറുതും വലുതുമായ ഭക്ഷ്യസംസ്കരണ സ്ഥാപനങ്ങൾക്കാവശ്യമായ ഭക്ഷ്യോൽപ്പന്ന മെഷീനറി, പാക്കേജിംഗ് ഉപകരണങ്ങൾ, ചേരുവകൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ള 60ലേറെ സ്ഥാപനങ്ങളാണ് ഫുഡ്ടെകിൽ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കാനെത്തുന്നത്.കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്), നബാർഡ്, എൻഎസ്ഐസി, നോർകറൂട്ട്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ അംഗീകാരവും പിന്തുണയും പ്രദർശനത്തിനു്. രണ്ടാം ദിവസമായ വ്യാഴാഴ്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ് (ഐഐപി) സംഘടിപ്പിക്കുന്ന ഏകദിന ഫുഡ് പാക്കേജിംഗ് പരിശീലന പരിപാടി നടക്കും. പ്രദർശനം വെള്ളിയാഴ്ച സമാപിക്കും.

# യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാം: തീയതി ദീർഘിപ്പിച്ചു

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ നടത്തുന്ന യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു. അപേക്ഷകർ പത്താം ക്ലാസ്സ് പാസ്സായിരിക്കണം. യോഗദർശനത്തിലും, യോഗാസന പ്രാണായാമ പദ്ധതികളിലും സാമാന്യജ്ഞാനം ലഭിക്കുന്ന തരത്തിലാണ് ഈ പഠന പരിപാടി ചിട്ടപ്പെടുത്തിയിട്ടുള്ളത്. പൊതു അവധി ദിവസങ്ങളിൽ സംഘടിപ്പിക്കുന്ന സമ്പർക്ക (പ്രായോഗിക പരിശീലനം) ക്ലാസ്സുകൾ, ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ. നേരിട്ടും ഓൺലൈനിലുമായി നടക്കുന്ന തിയറി ക്ലാസ്സുകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് യോഗ പഠനം ക്രമീകരിക്കുന്നത്. എഴുത്തു പരീക്ഷകൾ. അസൈൻമെന്റുകൾ. പ്രോജക്ട്, പ്രാക്ടിക്കൽ പരീക്ഷകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രോഗ്രാമിന്റെ മൂല്യനിർണ്ണയം, പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം. സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസ്സ് പാസ്. അഥവാ തത്തുല്യ യോഗ്യതയാണ്. അപേക്ഷകർ 17 വയസ്സ് പൂർത്തിയാക്കിയിരിക്കണം. ഉയർന്ന പ്രായപരിധിയില്ല. സർട്ടിഫിക്കറ്റ് പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയവർക്ക് പ്ലസ് ടു യോഗ്യതയുള്ള പക്ഷം യോഗ ഡിപ്ലോമ ടീച്ചർ ട്രെയിനിംഗ് പ്രോഗ്രാം ലാറ്ററൽ എൻട്രി വഴി ആറുമാസത്തെ പഠനം കൊണ്ട് പൂർത്തിയാക്കാം. ആപ്ലിക്കേഷ ഓൺലൈനായി https://apps.rccc.in/register ലൂടെ കഴിയും. അപേക്ഷകൾ സമർപ്പിക്കേ അവസാന തീയതി ജനുവരി 31.വിശദ വിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി. ഓഫീസിൽ നേരിട്ടും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം33. ഫോൺ 0471 2325101, 8281114464. വിശദാംശങ്ങൾ www-s.rccc.in വെബ്സൈറ്റിലും ലഭ്യമാണ്. ജില്ലയിലെ പഠന കേന്ദ്രങ്ങൾ: ആനന്ദം യോഗ ആർട്ട് മെഡിറ്റേഷൻ സെന്റർ, എറണാകുളം9446605436, സൺറൈസ് അക്കാദമി, എറണാകുളം 9446607564ശ്രീശങ്കര വിദ്യാപീഠം കോളേജ്. പെരുമ്പാവൂർ: 04842657038, എൻലൈറ്റ് കേളേജ്. പെരുമ്പാവൂർ: 9645835831, 9048105832.

# ഐ.എഫ്.എഫ് വിമൻ ആൻഡ് കിഡ്സ് ഫാഷൻ എക്സ്പോ ആരംഭിച്ചു



**കൊച്ചി:** ഇന്ത്യൻ ഫാഷൻ ഫെയർ സ്ത്രീകൾക്കും കുട്ടികൾക്കുമായി അവതരിപ്പിക്കുന്ന 'ഐ.എഫ്. എഫ് വിമൻ ആന്റ് കിഡ്സ് ഫാഷൻ എക്സ്പോ ' ക്ക് സിയാൽ കൺവെൻഷൻ സെന്ററിൽ തിരശീല ഉയർന്നു.200 സ്റ്റാളുകളിലായി രാജ്യത്തെയും അന്താരാഷ്ട്ര വിപണിയിലെയും പ്രമുഖ 130 ബ്രാൻഡുകളുടെ വിസ്മയിപ്പിക്കുന്ന കലക്ഷനുകളാണ് എക്സ്പോയിൽ ഉള്ളത്.കല്യാൺ സിൽക്സിന്റെ മാനേജിംഗ് ഡയറക്ടറും, കേരള ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ് ഡീലേഴ്സ് വെൽഫയർ അസോസ്സിയേഷൻ (കെടിജിഎ ) സംസ്ഥാന പ്രസിഡന്റുമായ ശ്രീ. ടി.എസ്. പട്ടാഭിരാമൻ ഉദ്ഘാടനം നിർവ്വഹിച്ചു.ഐ.എഫ്.എഫ് ചെയർമാൻ സാദിക് പി.പി., കൺവീനർ സമീർ മൂപ്പൻ, ജോയിന്റ് കൺവീനർ ഷാനവാസ് റോയൽ, വൈസ് ചെയർമാൻ ഷാനിർ വേദിക, പ്രോഗ്രാം ഡയറക്ടർ ഷഫീക് പി.വി, ഷമീർ വെറ്റ് ലാന്റ്, കെ ടി ജി എ സംസ്ഥാന ഓർഗനൈസിങ്ങ് സെക്രട്ടറി നവാബ് ജാൻ, അയ്യൂബ് ഖാൻ (യെസ് ഭാരത് ), ചോട്ടു ഭായ് ( ദിയ ഡിസൈൻ സ്റ്റുഡിയോ )എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. സംസ്ഥാനത്ത് ആദ്യമായി സ്ത്രീകളുടെയും കുട്ടികളുടെയും ബ്രാൻഡുകൾക്ക് മാത്രമായി സംഘടിപ്പിക്കുന്ന ഫാഷൻ എക്സ്പോയാണിത്. ജനുവരി 9 മുതൽ 11 വരെയാണ് എക്സ്പോ നടക്കുന്നത്.200 സ്റ്റാളുകളിലായി രാജ്യത്തെയും അന്താരാഷ്ട്ര വിപണിയിലെയും പ്രമുഖ 130 ബ്രാൻഡുകളുടെ വിസ്മയിപ്പിക്കുന്ന കലക്ഷനുകളാണ് എക്സ്പോയിലുള്ളത്.വൈവിധ്യമാർന്ന ബ്രാൻഡുകളുടെ ഏറ്റവും പുതിയ ട്രെൻഡുകളുടെയും പ്രദർശനം സംസ്ഥാനത്തെ ഫാഷൻ സങ്കൽപ്പങ്ങൾ പുനർ നിർവ്വചിക്കുന്നതാവുമെന്ന് ഐഎഫ്എഫ് ചെയർമാൻ സാദിക് പി പി പറഞ്ഞു.കഴിഞ്ഞ വർഷത്തെ കിഡ്സ് ഫാഷൻ എക്സ്പോ വലിയ വിജയമായിരുന്നു. ഇതിന്റ ചുവടു പിടിച്ച് ഈ വർഷം വിമൻ ഫാഷൻ കൂടെ ഉൾപ്പെടുത്തി കൂടുതൽ വിപുലമായ എക്സപോയാണ് നടക്കുന്നതെന്ന് സാദിക് പി പി പറഞ്ഞു.കുട്ടികളുടെയും സ്ത്രീകളുടെയും ആകർഷകമായ ഫാഷൻ ഷോകൾ, താരനിബിഡമായ അവാർഡ് നൈറ്റ്, സാംസ്കാരിക പരിപാടികൾ എന്നിവയും എക്സ്പോയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഫാഷനും സംസ്കാരത്തനിമയും ഒരുമിക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ ബ്രാന്റഡ് ഫാഷൻ ഉത്സവമാണിതെന്ന് ഐഎഫ്എഫ് കൺവീനർ സമീർ മൂപ്പൻ പറഞ്ഞു.

# ദി ഐ ഫൗണ്ടേഷനിൽ സമഗ്ര നേത്രരോഗ ചികിൽസാ പദ്ധതി ഉദ്ഘാടനം ചെയ്തു

**കൊച്ചി :** ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിന് സമീപം പ്രവർത്തിക്കുന്ന ദി ഐ ഫൗണ്ടേഷൻ കണ്ണാശുപത്രിയിൽ ആരംഭിച്ച സമഗ്രനേത്രരോഗ ചികിൽസാ പദ്ധതി മുൻ മന്ത്രിയും സി.പി.എം നേതാവുമായ ജി.സുധാകരൻ ഉദ്ഘാടനം ചെയ്തു. ഹൃദയശസ്ത്രക്രിയ അടക്കം മുഴുവൻ രോഗങ്ങൾക്കുമുള്ള ചികിൽസയും പരിശോധനയും സർക്കാർ മെഡിക്കൽ കോളജുകളിൽ പൂർണ്ണമായും സൗജന്യമാക്കണമെന്ന് ജി.സുധാകരൻ പറഞ്ഞു. നിർദ്ധനരായ രോഗികൾക്ക് ലോകോത്തര നിലവാരത്തിലുള്ള നേത്രചികിത്സ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതാണ് ഐ ഫൗണ്ടേഷന്റെ സമഗ്രനേത്രരോഗ ചികിൽസാ പദ്ധതി. ഐ ഫൗണ്ടേഷൻ കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചതിന്റെ ആറാം വാർഷികത്തിന്റെ ഭാഗമായിട്ടാണ് പദ്ധതി തുടങ്ങുന്നതെന്ന് ആശുപത്രി ചെയർമാൻ ഡോ. ഡി.രാമമൂർത്തിയും, ഡോ ശ്രേയസ് രാമമൂർത്തിയും അറിയിച്ചു. ചടങ്ങിൽ ഐ ഫൗണ്ടേഷൻ മെഡിക്കൽ സൂപ്രണ്ടന്റ് ഡോ. പ്രവീൺ മുരളി,ഡി.ജി.എം അരുൺ പോൾസൺ, ഡോ.സാഗർ ബാസു, എച്ച്. ആർ മാനേജർ കവിതാ കൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.



ദി ഐ ഫൗണ്ടേഷൻ കണ്ണാശുപത്രിയിൽ ആരംഭിച്ച സമഗ്രനേത്രരോഗ ചികിൽസാ പദ്ധതി മുൻ മന്ത്രിയും സി.പി.എം നേതാവുമായ ജി.സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു. മെഡിക്കൽ സൂപ്രണ്ടന്റ് ഡോ.പ്രവീൺ മുരളി, ഡോ.സാഗർ ബാസു, ഡി.ജി.എം അരുൺ പോൾസൺ സമീപം

# പുത്തൻ കളർസ്കീമുകളും ഗ്രാഫിക്സും അവതരിപ്പിച്ച് യമഹ



**കൊച്ചി:** കാൾ ഓഫ് ദി ബ്ലൂ ബ്രാൻഡ് ക്യാംപയിനിന്റെ ഭാഗമായി ഇന്ത്യ യമഹ മോട്ടോർ (ഐവൈഎം) പ്രൈ. ലി തങ്ങളുടെ ബൈക്ക് ലൈൻ അപ്പുകളിൽ പുത്തൻ മാറ്റങ്ങൾ പ്രഖ്യാപിച്ചു. ആർ 15 വി4 മോഡലുകളിലും എഫ്ഇസെഡ്  എസ് എഫ്ഐ വേർഷൻ 4.0 ഡിഎൽഎക്സ്, എഫ്ഇസെഡ്  എസ് എഫ്ഐ വേർഷൻ 3.0. എഫ്ഇസെഡ് എഫ്ഐ വേർഷൻ 3.0, എഫ്ഇസെഡ് എക്സ് എന്നിവ ഉൾപ്പെടുന്ന മോഡലുകളാണ് പുത്തൻ രൂപമാറ്റത്തിന് തയ്യാറെടുക്കുന്നത്. നിറങ്ങളുടെ തെരഞ്ഞെടുപ്പ്, രൂപകൽപ്പനയിലെ മനോഹാരിത എന്നിവ കമ്പനിയുടെ പുതിയ മാറ്റങ്ങളിൽ ഉൾപ്പെടും. ആകർഷങ്ങളായ നിറങ്ങളും, ഗ്രാഫിക്കൽ മാറ്റങ്ങളുമായി പുതുവർഷാരംഭത്തിൽ എത്തുന്ന പുത്തൻ മോഡലുകൾ വിൽപ്പന നിരക്കിൽ ഈ മുന്നേറ്റമുണ്ടാക്കുവാനും രാജ്യത്തെ യുവ ഉപഭോക്താക്കളുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുവാനും ലക്ഷ്യമിട്ടാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് യമഹ മോട്ടോർ ഇന്ത്യ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ ഐഷിൻ ചിഹാന പറഞ്ഞു.യുവജനങ്ങളുടെ താല്പര്യങ്ങൾക്കും അഭിരുചികൾക്കും മുൻഗണന നൽകിക്കൊണ്ട് അവരുടെ ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുക എന്നതാണ് പുതിയ മാറ്റങ്ങളിലൂടെ പ്രധാനമായും ഊന്നൽ നൽകുന്നത്. ഓരോ ഉപഭോക്താവിന്റെയും ജീവിത ശൈലിക്ക് അനുയോജ്യമാകും വിധമാണ് നിറങ്ങളുടെ തെരഞ്ഞെടുപ്പ് നൽകിയിരിക്കുന്നത്. ഇതിലൂടെ വ്യക്തിപരമായ യാത്രാനുവം ഉറപ്പാക്കുകയും ചെയ്യുന്നു. കാൾ ഓഫ് ദ ബ്ലൂ ബ്രാൻഡ് ക്യാംപയിനിന്റെ ഭാഗമായി ഏറെ ആഹ്ലാദത്തോടെയാണ് 2024ലെ പുതുക്കിയ മോട്ടോർസൈക്കിൾ ലൈനപ്പ് യമഹ അവതരിപ്പിക്കുന്നത്. സഞ്ചാരികളുടേയും അതോടൊപ്പം തന്നെ കാഴ്ചക്കാരുടേയും മനംകവരുന്ന മനോഹരങ്ങളായ പുത്തൻ നിറങ്ങളുടെ തെരഞ്ഞെടുപ്പും, ഗ്രാഫിക്സുമാണ് ഏറെ ആവശേത്തോടെ ഞങ്ങൾ അവതരിപ്പിക്കുന്നത്.  ബോൾഡും ഉന്മേഷദായകവുമായ ഷേഡുകളിൽ ശ്രദ്ധാപൂർവ്വം തയ്യാറാക്കിയിരിക്കുന്ന നിറക്കൂട്ടുകൾ ബൈക്കുകൾക്ക് കാഴ്ചാ ഭംഗി നൽകുക മാത്രമല്ല, സഞ്ചാരികൾക്ക് അതിശയകരവും സന്തോഷകരവുമായ അനുഭവങ്ങൾ വാഗ്ദാനം ചെയ്യുകയും  ഉപഭോക്തൃ ആനന്ദം വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് ഐഷിൻ ചിഹാന പറഞ്ഞു. യുവ ഉപഭോക്താക്കളിൽ നിന്ന് ലഭിച്ച അനേകം പ്രതികരണങ്ങൾ അടിസ്ഥാനമാക്കിയാണ് പുതിയ കളർ സ്കീമുകൾ കമ്പനി തയ്യാറാക്കിയിട്ടുള്ളത്. നിറങ്ങളുമായി ബന്ധപ്പെട്ട സർവ്വേകൾ സമയാ സമയങ്ങളിൽ കമ്പനി നടത്തിവരാറുള്ളത്. ഇത് വിശകലനം ചെയ്താണ് പുതിയ മാറ്റങ്ങൾക്ക് തയ്യാറെടുക്കാറുള്ളത്. ഈ മാറ്റങ്ങളിലൂടെ യമഹ ആരാധകർക്ക് വ്യക്തിഗത യാത്രാനുഭവം വാഗ്ദാനം ചെയ്യാൻ കമ്പനി ബാധ്യസ്ഥരാണെന്നും കാൾ ഓഫ് ദി ബ്ലൂ ക്യാംപയിനിലേക്ക് താത്പര്യമുള്ള കൂടുതൽ പേരെ ആകർഷിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഏഥർ എനർജി 450 അപെക്സ് പുറത്തിറക്കി



**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് സ്കൂട്ടർ നിർമാതാക്കളായ ഏഥർ എനർജി പത്താം വാർഷികത്തിന്റെ ഭാഗമായി സ്പെഷ്യൽ എഡിഷൻ സ്കൂട്ടറായ 450 അപെക്സ് പുറത്തിറക്കി. പവറിലും ടോപ് സ്പീഡിലും ഉൾപ്പെടെ ഏറെ മാറ്റങ്ങളുമായാണ് പുതിയ മോഡൽ വരുന്നത്. പുതിയ കളർ സ്കീമിനും പുതിയ ഫീച്ചറുകൾക്കുമൊപ്പം, റൈഡർക്ക് മികച്ച സൗകര്യം നൽകുന്ന മാജിക് ടിസ്റ്റ് എന്ന ആദ്യത്തെ സിറ്റി റൈഡിങ് ഫീച്ചറും ഏഥർ പുതിയ മോഡലിനൊപ്പം അവതരിപ്പിച്ചിട്ടു്.5 വർഷം അല്ലെങ്കിൽ 60,000 കിലോമീറ്റർ ബാറ്ററി വാറന്റിയും, 3 വർഷത്തേക്ക് കോംപ്ലിമെന്ററി ഏഥർ കണക്ടും 450 അപെക്സിനു്. 2024 മാർച്ചിൽ ഡെലിവറി ആരംഭിക്കും. സബ്സിഡി കൂടാതെ 1.89 ലക്ഷം രൂപയാണ് എക്സ്ഷോറൂം വില.

# മോട്ടറോള മോട്ടോ ജി34 5ജി വിപണിയിലെത്തുന്നു




**കൊച്ചി :** സ്മാർട്ട്ഫോൺ ബ്രാൻഡായ മോട്ടറോള, മോട്ടോ ജി34 5ജി ഈ മാസം 17 മുതൽ വിപണിയിലെത്തും. സെഗ്മെന്റിലെ ഏറ്റവും വേഗതയേറിയ 5ജി പ്രകടനത്തോടെ സ്നാപ്ഡ്രാഗൺ 695 5ജി മൊബൈൽ പ്ലാറ്റ്ഫോമിനൊപ്പമാണ് മോട്ടോ ജി34 5ജി വരുന്നത്. ഏറ്റവും പുതിയ ആൻഡ്രോയിഡ് 14, 50 എം പി ക്യാമറ സിസ്റ്റം, ഡോൾബി അറ്റ്മോസ് സ്റ്റീരിയോ സ്പീക്കറുകൾ, 120 ഹെർട്സ് 6.5' ഡിസ്പ്ലേ, തുടങ്ങി വിവിധ ഫീച്ചറുകളു്.ഓഷ്യൻ ഗ്രീൻ നിറത്തിലുള്ള സൂപ്പർപ്രീമിയം വീഗൻ ലെതർ ഫിനിഷും ഐസ് ബ്ലൂ, ചാർക്കോൾ ബ്ലാക്ക് നിറങ്ങളിൽ ലഭ്യമായ ഈ സ്മാർട്ഫോണിന്റെ പ്രാരംഭ  വില 9,999 രൂപയാണ്. 4ജിബി  + 128ജിബി , 8ജിബി + 128ജിബി  എന്നിങ്ങനെ ര് വേരിയന്റുകളിൽ യഥാക്രമം 10,999 രൂപയ്ക്കും 11,999 രൂപയ്ക്കും ലഭിക്കും.ലോഞ്ച് ഓഫറിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് എക്സ്ചേഞ്ചിൽ 1,000 രൂപ കിഴിവ് ലഭിക്കും.ജനുവരി 9ന് ഉച്ച 12 മുതൽ 2 വരെ ഫ്ലിപ്കാർട്ടിൽ പ്രീഓർഡർ ചെയ്യാം. മോട്ടോ ജി34 5ഏ ഫ്ലിപ്കാർട്ട്, മോട്ടറോള.ഇൻ  എന്നിവയിലും ഇന്ത്യയിലുടനീളമുള്ള റീട്ടെയിൽ സ്റ്റോറുകളിലും ജനുവരി 17 ഉച്ചയ്ക്ക് 12 മുതൽ വിൽപ്പനയ്ക്കെത്തും.രാജ്യത്തുടനീളമുള്ള വിശാലമായ ഉപഭോക്താക്കളിലേക്ക് ക്ലാസ് 5ജി സ്മാർട്ട്ഫോൺ അനുഭവങ്ങൾ എത്തിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് മോട്ടോ ജി34 5ജി ലോഞ്ച് ചെയ്ത് സംസാരിച്ച ടി.എം. മൊബൈൽ ബിസിനസ് ഗ്രൂപ്പ്  ഇന്ത്യ മാനേജിംഗ് ഡയറക്ടർ നരസിംഹൻ പറഞ്ഞു.

# ടാറ്റ സ്റ്റാർബക്സ് 1,000 സ്റ്റോറുകൾ തുറക്കും

## കമ്പനി തൊഴിലാളികളുടെ എണ്ണം ഏകദേശം 8,600 ആക്കും

**കൊച്ചി:** കോഫി ബ്രാൻഡായ ടാറ്റ സ്റ്റാർബക്സ്  2028ഓടെ ഇന്ത്യയിൽ ഓരോ മൂന്നു ദിവസം കൂടുമ്പോഴും ഓരോ  പുതിയതെന്ന നിലയ്ക്ക് 1,000 സ്റ്റോറുകൾ തുറക്കും. കമ്പനി തൊഴിലാളികളുടെ എണ്ണം ഇരട്ടിയാക്കി ഏകദേശം 8,600 ആക്കും. വേഗത്തിൽ വളരുന്ന വിപണികളിൽ ഒന്നെന്ന ഇന്ത്യയുടെ പ്രാധാന്യം കണക്കിലെടുത്താണ് സ്റ്റാർബക്സ് സാന്നിധ്യം വിപുലമാക്കുന്നത്. പ്രാദേശിക പങ്കാളിത്തത്തിലൂന്നിയാകും പദ്ധതി. ഇന്ത്യയിലെ ഇടത്തരം നഗരങ്ങളിലേക്കും ടാറ്റ സ്റ്റാർബക്സ് പ്രവർത്തനം വ്യാപിപ്പിക്കും. ഇന്ത്യൻ കോഫി ലോകമെമ്പാടുമുള്ള സ്റ്റാർബക്സ് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനു മുന്തിയ പരിഗണന നൽകുമെന്നും കമ്പനി അറിയിച്ചു. ഇന്ത്യയുടെ കോഫി സംസ്കാരത്തെ വികസിത രൂപത്തിൽ അവതരിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.2012ൽ ആരംഭിച്ച ടാറ്റ സ്റ്റാർബക്സ് ഇപ്പോൾ 54 ഇന്ത്യൻ നഗരങ്ങളിലായി 390ലധികം സ്റ്റോറുകളിൽ പ്രവർത്തിക്കുന്നു. ഇക്കൊല്ലം രണ്ടാമത്തെ സ്റ്റാർബക്സ് റിസർവ് സ്റ്റോർ തുറക്കുമെന്നും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്. ജീവനക്കാർ ഉൾപ്പെടെ കമ്പനിയുടെ എല്ലാ പങ്കാളികൾക്കും മെച്ചപ്പെട്ട ഭാവി ഉറപ്പാക്കുന്നതിനു നടത്തിവരുന്ന നിക്ഷേപവും  സ്റ്റാർബക്സ് കോളേജ് അച്ചീവ്മെന്റ് പ്ലാൻ



(100% ട്യൂഷൻ കവറേജ്) പദ്ധതിയും തുടരും.  വൊക്കേഷണൽ സ്കിൽ പരിശീലനം നൽകിക്കൊണ്ട് ടാറ്റ സ്റ്റാർബക്സ് ഇന്ത്യയിലെ സ്ത്രീകളെ ശാക്തീകരിക്കും. 2,000 യുവതികൾക്കാണ് ഇക്കൊല്ലത്തോടെ തൊഴിൽ നൈപുണ്യ വികസനം നൽകുന്നത്.ഇന്ത്യയുടെ കോഫിസംസ്കാരത്തിന്റെ സമ്പന്നമായ പൈതൃകത്തെ പൂർണ്ണമായും ആദരിച്ചുകൊണ്ടാകും വികസന പ്രവർത്തനങ്ങൾ നടത്തുകയെന്നു അടുത്തിടെ  ഇന്ത്യ സന്ദർശിച്ച സ്റ്റാർബക്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലക്ഷ്മൺ നരസിംഹൻ വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യയിൽ  ശക്തമായ അടിത്തറയുണ്ടാക്കിയ കമ്പനി വളർച്ചയുടെ അടുത്ത അധ്യായത്തിലേക്ക് പ്രവേശിക്കുകയാണെന്ന് ടാറ്റ സ്റ്റാർബക്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സുശാന്ത് ദാഷ് പറഞ്ഞു. ജീവനക്കാർക്ക് ആഴ്ചയിൽ അഞ്ച് ദിവസം മാത്രം ജോലി എന്ന ക്രമമുണ്ടാക്കിയ ഭക്ഷ്യ, പാനീയ വിപണിയിലെ ആദ്യ കമ്പനിയായായ സ്റ്റാർബക്സ് മൂന്നിലൊന്നു പേർക്കും പ്രൊമോഷൻ നൽകിയിട്ടുമുണ്ട്.

# ബാംബൂ ഫെസ്റ്റ് ജനുവരി 12 മുതൽ കൊച്ചിയിൽ

**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന 20 ാമത് കേരള ബാംബൂ ഫെസ്റ്റ് കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് ഈ മാസം 12 നു വൈകിട്ട് ആറിനു ആരംഭിക്കും. മന്ത്രി പി. രാജീവ് ഫെസ്റ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കും. ഈ മാസം 17 വരെയാണ് ഫെസ്റ്റ്.ഉദ്ഘാടന ദിവസം വൈകിട്ട് 6 മുതൽ 9 വരെയും ഫെസ്റ്റ് ദിവസങ്ങളിൽ (ജനുവരി 13 മുതൽ 17വരെ) രാവിലെ 11 മുതൽ രാത്രി 9 വരെയുമാണ് മേളയിലെ പ്രവേശന സമയക്രമം. പ്രവേശനം സൗജന്യമാണ്. കേരളത്തിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി നാന്നൂറോളം കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും മുള മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ ഗവേഷണ സ്ഥാപനങ്ങളും ഫെസ്റ്റിൽ പങ്കെടുക്കും.മുളകരകൗശല ഉത്പന്നങ്ങളുടെ നിർമ്മാണ രീതികൾ തത്സമയം മനസിലാക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും വിപണന സാധ്യത പ്രയോജനപ്പെടുത്തുന്നതിനും മേളയിൽ അവസരമൊരുക്കിയിട്ടുണ്ട്. സംസ്ഥാന ബാംബൂ മിഷൻ പരിശീലകർ രൂപകൽപന ചെയ്ത വിവിധ കരകൗശല ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനു പ്രത്യേക ബാംബൂ ഗ്യാലറിയും ഉണ്ടാകും. ഫെസ്റ്റ് ദിവസങ്ങളിൽ വൈകുന്നേരം മുള വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള കലാസാംസ്കാരിക പരിപാടികൾ നടത്തും. മുളയരി, മുളകൂമ്പ് എന്നിവയിൽ നിർമ്മിച്ച വിവിധ ഭക്ഷ്യ ഉല്പന്നങ്ങളുടെ സ്റ്റാളുകളും മുള നഴ്സറികളും മേളയിൽ ഉണ്ടാകും.ഉദ്ഘാടന സമ്മേളനത്തിൽ ടി. ജെ. വിനോദ് എം.എൽ.എ. അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എം.പി. വിശിഷ്ടാതിഥിയാകും. മേയർ അഡ്വ. എം. അനിൽ കുമാർ, കേന്ദ്ര കൃഷി, കാർഷിക ക്ഷേമ സെക്രട്ടറി മനോജ് അഹൂജ ഐ.എ.എസ്. എന്നിവർ മുഖ്യ പ്രഭാഷണം നടത്തും. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കേരള ബാംബൂ മിഷൻ ഡയറക്ടറുമായ എസ്. ഹരികിഷോർ ഐ.എ.എസ്., നാഷണൽ ബാംബൂ മിഷൻ ഡയറക്ടർ ഡോ. പ്രഭാത് കുമാർ എന്നിവർ പ്രത്യേക പ്രഭാഷണം നടത്തും.ജില്ല കളക്ടർ എൻ. എസ്. കെ. ഉമേഷ് ഐ.എ.എസ്., സംസ്ഥാന ബാംബൂ കോർപ്പറേഷൻ ചെയർമാൻ ടി.കെ മോഹനൻ, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ്. സൂരജ്, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി. എ. നജീബ്, കൊച്ചി കോർപ്പറേഷൻ കൗൺസിലർ അഡ്വ. ദീപ്തി മേരി വർഗീസ് എന്നിവർ പങ്കെടുക്കും.




## നിക്ഷേപ സമാഹരണം സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:**നിക്ഷേപസമാഹരണയജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം സഹകരണവകുപ്പ് മന്ത്രി വി. എൻ വാസവൻ ഇന്ന് നിർവ്വഹിക്കും. രാവിലെ 11 ന് ജവഹർ സഹകരണ ഭവൻ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ആന്റണി രാജു എം എൽ എ അദ്ധ്യക്ഷനായിരിക്കും.സഹകരണനിക്ഷേപം നവകേരള നിർമ്മിതിക്കായി എന്ന മുദ്രാവാക്യവുമായി നടത്തുന്ന 44ാമത് നിക്ഷേപ സമാഹരണത്തിൽ ലക്ഷ്യമിടുന്നത് 9,000 കോടി രൂപയാണ്. സഹകരണവായ്പമേഖലയിലെ നിക്ഷേപം വർധിപ്പിക്കുക യുവജനങ്ങളെ സഹകരണ ബാങ്കുകളിൽ അംഗങ്ങളാക്കുക, ഒരു വീട്ടിൽ നിന്ന് ഒരു പുതിയ അക്കൗണ്ട് എന്നിവ ഈ കാമ്പയിനിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ട്. ഫെബ്രുവരി 10 വരെയാണ് നിക്ഷേപ സമാഹരണം നിശ്ചയിച്ചിരിക്കുന്നത്. പ്രാഥമിക സഹകരണ ബാങ്കുകളിലൂടെ 7250 കോടി, കേരള ബാങ്ക് വഴി 1,750 കോടി, സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിലൂടെ 150 കോടിയാണ് എന്നിങ്ങനെയാണ് ലക്ഷ്യമിടുന്നത്. നിക്ഷേപത്തിന്റെ 30 ശതമാനം വരെ കറണ്ട് അക്കൗണ്ട്, സേവിങ്സ് അക്കൗണ്ട് എന്നീ വിഭാഗത്തിലായിരിക്കണമെന്നതിന് സഹകരണ വകുപ്പ് നിർദേശ നൽകിയിട്ടുണ്ട്. ഓരോ ജില്ലയും സമാഹരിക്കേണ്ട നിക്ഷേപലക്ഷ്യവും നിശ്ചയിച്ചിട്ടുണ്ട്. നിക്ഷേപങ്ങൾക്ക് സഹകരണ രജിസ്ട്രാർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരമുള്ള പരമാവധി പലിശ നൽകും.

# മത്സ്യതൊഴിലാളി,മത്സ്യകർഷക ദേശിയ സംഗമം 13 ന് കുഫോസിൽ



**കൊച്ചി** മത്സ്യബന്ധന തൊഴിലാളി പ്രതിനിധികളുടെയും മത്സ്യകർഷകരുടെയും ദേശിയ സംഗമം ഈ മാസം 13 ന് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) നടക്കും. കുഫോസിൽ വെള്ളിയാഴ്ച തുടങ്ങുന്ന മൂന്ന് ദിവസത്തെ അന്താരാഷ്ട്ര ഫിഷറീസ് കോൺഗ്രസ്സിന്റെ ഭാഗമായാണ് സംഗമം സംഘടിപ്പിക്കുന്നത്. മത്സ്യബന്ധന മേഖലയിൽ തൊഴിലാളികളും മത്സ്യകൃഷിയിൽ കർഷകരും നേരിടുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താനുമാണ് സംഗമം സംഘടിപ്പിക്കുന്നതെന്ന് കുഫോസ് വൈസ് ചാൻസലറും ഫിഷറീസ് കോൺഗ്രസിന്റെ പാട്രണുമായ ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു. കേരള, കർണ്ണാടക, തമിഴ് നാട്, പോണ്ടിച്ചേരി, ഗോവ എന്നീ സംസ്ഥാനങ്ങളിൽ നിന്നായി ഇരുന്നൂറോളം മത്സ്യബന്ധന തൊഴിലാളി പ്രതിനിധികളും മൂന്നോറോളം മത്സ്യകർഷകരും സംഗമത്തിൽ പങ്കെടുക്കും.വലിയ വിരോധഭാസത്തിലൂടെ കടന്നുപോകുന്ന കേരളത്തിലെ മത്സ്യകൃഷി രംഗത്തെ പ്രശ്നങ്ങൾ സൂഷ്മമായി സംഗമം ചർച്ച ചെയ്യുമെന്ന് ഡോ. ടി.പ്രദീപ് കുമാർ പറഞ്ഞു. മത്സ്യങ്ങൾക്ക് ആവശ്യക്കാർ ഇല്ലാത്തതിനാൽ മതിയായ വില ലഭിക്കാതെ കർഷകർ മത്സ്യകൃഷിയും കുളങ്ങളും ഉപേക്ഷിക്കുന്ന നിലയാണ് കേരളത്തിലിപ്പോൾ. അതേ സമയം നിത്യ ഉപയോഗത്തിനായി പ്രതിവർഷം നാല് ലക്ഷത്തോളം ടൺ മത്സ്യം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളം ഇറക്കുമതി ചെയ്യുന്നത് തുടരുകയും ചെയ്യുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്ന് മാത്രമല്ല, ഒമാനിൽ നിന്ന് വരെ കേരള വിപണിയിൽ മത്സ്യം എത്തുന്നു. കേരളത്തിൽ നിന്ന് സമുദ്രോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന വ്യവസായികളാകട്ടെ, സംസ്ഥാനത്ത് വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ തിലാപ്പിയ പോലുള്ള മത്സ്യങ്ങൾ ആന്ധ്രയിൽ നിന്നാണ് സംഭരിക്കുന്നത്. ദുർഘടമായ ഈ പ്രതിസന്ധിക്ക് പരിഹാരം കാണുകയാണ് സംഗമത്തിന്റെ പ്രധാന ലക്ഷ്യമെന്ന് ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു.കടലിലെ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിലും ഇന്ത്യയുടെ കടലോര സംസ്ഥാനങ്ങളിലെ തീരപ്രദേശങ്ങളിൽ നടപ്പിലാക്കുന്ന സംരക്ഷണ പദ്ധതികളിലും മത്സ്യബന്ധന തൊഴിലാളികൾ വഹിക്കേണ്ട പങ്കിനെ കുറിച്ചും സംഗമം ചർച്ച ചെയ്യും. ശനിയാഴ്ച രാവിലെ 9.30 ആണ് സംഗമം തുടങ്ങുന്നത്. രാത്രി സാംസ്കാരിക പരിപാടികളോടെ സംഗമം സമാപിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com